ഭരണ ഭാഷ-മാതൃഭാഷ

ICDS/B6-15268/2020

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരവനന്തപുരം
തീയതി: 12/07/2021
ഇമെയിൽ:directorate.wcd@kerala.gov.in
ഫോൺ നം. 0471-2346534

# പരിപത്രം

വിഷയം:- വനിതാ ശിശു വികസന വകുപ്പ്- ഐ.സി.ഡി.എസ്-കോവിഡ് പശ്ചാത്തലത്തിൽ അടഞ്ഞു കിടക്കുന്ന **അങ്കണവാടികളുടെ പ്രവർത്തനം പുനരാരംഭിക്കുന്നത്**- സംബന്ധിച്ച്

സൂചന:- 1. 11/03/2020 ലെ ICDS/B6-4509/20 നം. പരിപത്രം
2. കേന്ദ്ര സർക്കാരിന്റെ 11/11/2020 ലെ F.No.PA/85/2020-CPMU C No. 85941 നം. കത്ത്.
3. ഈ കാര്യലയത്തിലെ 10/12/2020 ലെ ICDS/B6-15268/2020 നം. പ്രൊപ്പോസൽ
4. 18.12.2020 ലെ SJD-B1/355/2020-SJD നം. സർക്കാർ കത്ത്.
5.സർക്കാർ കത്ത് നം .ബി2/43/2021/സാ.നീ.വ തീയതി 26.02.2021
6. ഈ കാര്യാലയത്തിലെ 04.05.2021 ലെ WCD/E5-6001/2020 നം. പരിപത്രം
7. GO (Rt) No.500/2021 /DMD തീയതി 06.07.2021
8. ഈ കാര്യാലയത്തിലെ 07.07.2021 ലെ WCD/E5-6001/2020 നം. പരിപത്രം

സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കൊറോണ വൈറസ് ബാധ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് 10/03/2020 ന് കൂടിയ മന്ത്രി സഭാ യോഗത്തിൽ അങ്കണവാടി പ്രീസ്കൂൾ കുട്ടികൾക്കും അവധി പ്രഖ്യാപിച്ചതിനാൽ സംസ്ഥാനത്തിലെ മുഴുവൻ അങ്കണവാടി പ്രീസ്കൂൾ കുട്ടികൾക്കും താൽക്കാലിക അവധി നൽകി സൂചന (1) പ്രകാരം അങ്കണവാടികളുടെ പ്രവർത്തനം ക്രമീകരിച്ച് ഉത്തരവായിരുന്നു. ആയതിൽ ഫീഡിംഗ് Take home ration ആയി നൽകുക, NNM പദ്ധതിയുമായി ബന്ധപ്പെട്ട സർവേകൾ, ദൈനംദിന ഭവന സന്ദർശനങ്ങൾ മുതലായവ തടസ്സം കൂടാതെ നടത്തണമെന്നും നിർദ്ദേശിച്ചിരുന്നു. എങ്കിലും കോവിഡ് വ്യാപനം അതിരൂക്ഷമായി തുടർന്ന സാഹചര്യത്തിൽ സൂചന (6) പരിപത്രത്തിലെ നിർദ്ദേശ പ്രകാരം അങ്കണവാടികൾ അടച്ചിട്ടിരുന്നു. ഫീഡിഗ് മാത്രമേ മുടങ്ങാതെ നടത്തിയുള്ളൂ. കൂടാതെ സർവേകളൊക്കെ നിർത്തി വയ്ക്കേണ്ട സാഹചര്യവും സംജാതമായി.

സൂചന 7, 8 പ്രകാരം സർക്കാർ ഓഫീസുകളും മറ്റ് സ്ഥാപനങ്ങളും തുറന്നു പ്രവർത്തിക്കുന്നതിന് കൂടുതൽ ഇളവുകൾ നൽകിയ സാഹചര്യത്തിലും മാസങ്ങളായി അടഞ്ഞ് കിടക്കുന്ന അങ്കണവാടികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും സൂചന 5 ലെ നിർദ്ദേശങ്ങളും ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങളും കോവിഡ് മാനദണ്ഡങ്ങളും പാലിച്ച് നാളെ മുതൽ സംസ്ഥാനത്തെ അങ്കണവാടികളുടെ പ്രവർത്തനം പുനരാരംഭിക്കേണ്ടതാണ്.

- രാവിലെ 9.30 ന് വർക്കറും, ഹെൽപ്പറും അങ്കണവാടിയിൽ എത്തിച്ചേരേണ്ടതാണ്
- **കോവിഡ് പശ്ചാത്തലത്തിൽ അങ്കണവാടിയിൽ കുട്ടികളെ പ്രവേശിപ്പിക്കേണ്ടതില്ല.**

- CAS ഫോണുകൾ വന്നതിന് ശേഷം അങ്കണവാടി വർക്കർമാർ രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടായിരുന്നില്ല എന്ന വിവരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ, അങ്കണവാടിയിൽ സൂക്ഷിച്ചിട്ടുള്ള 11 രജിസ്റ്ററുകളിലും യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.
- ഗ്രോത് ചാർട്ടിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.
- ECCE, CBE പ്രോഗ്രാംസ് ഓൺലൈനായി നടത്തേണ്ടതാണ്.
- അങ്കണവാടികളോടനുബന്ധിച്ചുള്ള ന്യൂട്രിഗാർഡൻ ശരിയാംവിധം പരിപാലിക്കേണ്ടതാണ്.
- ALMSC , മദേഴ്സ് മീറ്റിംഗ് എന്നിവ ഓൺലൈനായി നടത്താവുന്നതാണ്
- അതത് ദിവസങ്ങളിൽ കിളിക്കൊഞ്ചൽ പരിപാടി കഴിഞ്ഞ് അങ്കണവാടി വർക്കർമാർ കുട്ടികളുമായി ഓൺലൈനായി സംവദിക്കേണ്ടതാണ്.
- വർക്കറും ഹെൽപ്പറും അങ്കണവാടികൾ തുറന്ന് അങ്കണവാടിയും പരിസരവും വൃത്തിയാക്കുകയും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ് .
- പ്രവർത്തന സമയത്ത് അങ്കണവാടി ജീവനക്കാർ യൂണിഫോം ധരിക്കേണ്ടതാണ്
- ഫീഡിംഗ് Take Home Ration ആയി തന്നെ തുടരേണ്ടതാണ്.
- പ്രസ്തുത കാര്യങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ബന്ധപ്പെട്ട സൂപ്പർവൈസർ, സി.ഡി.പി.ഒ എന്നീ ഉദ്യോഗസ്ഥർ അങ്കണവാടി സന്ദർശിച്ച് ഉറപ്പാക്കേണ്ടതാണ്.
- ഇത് കൂടാതെ കോവിഡ് വാക്സിൻ വിതരണവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
- സി.ഡി.പി.ഒമാരുടേയും, സൂപ്പർവൈസർമാരുടേയും പ്രതിമാസ അങ്കണവാടി സന്ദർശനം കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് പ്രോഗ്രാം ഓഫീസർമാർ പരിശോധിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിച്ച് 13.07.2021 രാവിലെ മുതൽ സംസ്ഥാനത്തെ അങ്കണവാടികളിലെ സേവനം പൂർണ്ണതോതിൽ പുനരാരംഭിക്കേണ്ടതാണ്. **സൂചന 7 ലെ A,B,C,D കാറ്റഗറിക്ക് അനുസൃതമായി ആവശ്യമായ ക്രമീകരണങ്ങൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർ സ്വീകരിക്കേണ്ടതാണ്.**

**വനിതാ ശിശു വികസന ഡയറക്ടർക്ക് വേണ്ടി**

<u>ഉള്ളടക്കം</u>
സൂചന 5,6,7,8 നിർദ്ദേശങ്ങളുടെ പകർപ്പുകൾ

പകർപ്പ് :

1. എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
4. എല്ലാ സൂപ്പർവൈസർമാർക്കും
5. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

23

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സാമൂഹ്യനീതി(ബി) വകുപ്പ്

നമ്പർ.സാനീവ-ബി1/43/2021-സാനീവ

26/02/2021,തിരുവനന്തപുരം

സെക്രട്ടറി

ഡയറക്ടർ
വനിത ശിശു വികസന വകുപ്പ്
തിരുവനന്തപുരം

മാഡം,

വിഷയം:- സാമൂഹ്യനീതി വകുപ്പ്- പ്രവർത്തനം പുനരാരംഭിച്ച അങ്കണവാടികളിൽ കുട്ടികളെ പ്രവേശിപ്പിച്ച് പ്രീസ്കൂൾ ക്ലാസ്സുകൾ തുടങ്ങുന്നത്-പ്രൊപോസൽ-സംബന്ധിച്ച്

സൂചന:- താങ്കളുടെ 30.01.2021 ലെ ഐസിഡിഎസ്/ബി6-15268(1)/2020 നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കൊറോണ വൈറസ് ബാധ വ്യാപകമാകുന്ന സാഹചര്യത്തിൽ അങ്കണവാടികളിൽ പ്രീസ്കൂൾ വിദ്യാഭ്യാസം തല്ക്കാലം പുനരാരംഭിക്കേണ്ടതില്ല. കൂടാതെ ഇമ്മ്യൂണൈസേഷൻ സംബന്ധിച്ച് ആരോഗ്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഉചിതമായി പാലിക്കേണ്ടതാണ് എന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
INDULEKHA I V
**അണ്ടർ സെക്രട്ടറി**
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

ഭരണഭാഷ മാതൃഭാഷ

നമ്പർ - WCD-E5-6001/2020

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര,തിരുവനന്തപുരം
തീയതി : 04/05/2021
gmail:wcdestablishment2017@gmail.com
Phone No. 0471 - 2346534

## സർക്കുലർ

**വിഷയം :-** വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം-കൊവിഡ്-19-പ്രതിരോധ പ്രവർത്തനം അവശ്യം വേണ്ട ജീവനക്കാരെ വച്ച് ഓഫീസ് പ്രവർത്തിക്കുന്നത് സംബന്ധിച്ച്:-

**സൂചന :-** 1) GO(RT) No. 378/2021/DMD Dated 21/4/2021.
2) GO(RT) No. 383/2021/DMD Dated 26/4/2021.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 50% ജീവനക്കാർക്ക് റൊട്ടേഷൻ ക്രമത്തിൽ വർക്ക് ഫ്രം ഹോം അനുവദിച്ച് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർന്ന്, സംസ്ഥാനത്ത് കോവിഡ് കേസുകൾ കുതിച്ചുയരുന്ന സാഹചര്യത്തിൽ എല്ലാ സർക്കാർ വകുപ്പുകളും വകുപ്പ് അദ്ധ്യക്ഷന്മാർ നിശ്ചയിക്കും പ്രകാരം അത്യാവശ്യം വേണ്ട ജീവനക്കാരെ വച്ച് പ്രവർത്തിപ്പിക്കേണ്ടതാണ് എന്ന് സൂചന (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള കാര്യാലയങ്ങളിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വകുപ്പിന് കീഴിലുള്ള കാര്യാലയങ്ങളിൽ അടിയന്തിര ജോലികൾ പൂർത്തിയാക്കുന്നതിനായി അവശ്യം വേണ്ട ജീവനക്കാരെ മാത്രം ഓഫീസ് പ്രവർത്തനങ്ങൾക്കായി കാര്യാലയ മേധാവികൾ നിയോഗിക്കേണ്ടതാണ്. ഇപ്രകാരം ജീവനക്കാരെ നിയോഗിക്കുമ്പോൾ ഓഫീസിൽ ഹാജരാകാതിരിക്കുന്ന ദിവസങ്ങളിൽ ബന്ധപ്പെട്ട ജീവനക്കാർ വർക്ക് ഫ്രം ഹോം എന്ന രീതിയിൽ ജോലി ചെയ്യുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ അതത് കാര്യാലയ മേധാവികൾ നൽകേണ്ടതാണ്.
2. കാര്യാലയ മേധാവികൾ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിക്കേണ്ട ചുമതലയുള്ളവർ ആണെങ്കിൽ എല്ലാ ദിവസവും ഓഫീസിൽ ഹാജരാകേണ്ടതാണ്.
3. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിലും മറ്റ് അടിയന്തിര പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന വകുപ്പിന് കീഴിലെ ജീവനക്കാർ, അങ്കണവാടി ജീവനക്കാർ, സ്കൂൾ കൗൺസിലർമാർ എന്നിവർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന നിർദ്ദേശ പ്രകാരം പ്രസ്തുത ജോലി നിർവഹിക്കേണ്ടതാണ്.
4. അങ്കണവാടികൾ മേയ് 9 വരെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ആവശ്യമായി വരുന്നു എങ്കിലും, മറ്റ് അടിയന്തിര ആവശ്യമുണ്ടെങ്കിലും മാത്രം തുറന്നു പ്രവർത്തിപ്പിച്ചാൽ മതിയാകും.
5. സ്കൂൾ കൗൺസിലർമാർ മേയ് 9 വരെ ഫോൺ മുഖാന്തിരമോ, ഓൺലൈൻ ആയോ തങ്ങളുടെ ജോലി ക്രമീകരിക്കേണ്ടതാണ്. പ്രതിരോധ പ്രവർത്തനങ്ങളിൽ ആരോഗ്യവകുപ്പുമായി നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ അത് തുടരേണ്ടതുമാണ്.

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

GOVERNMENT OF KERALA

**Abstract**

Disaster Management Department - COVID 19 - Re-categorization of Local Self Government Institutions, on the basis of Average weekly Test Positivity Rates - additional guidelines from 8th July 2021- orders issued

**DISASTER MANAGEMENT(A)DEPARTMENT**

G.O.(Rt)No.500/2021/DMD Dated,Thiruvananthapuram, 06/07/2021

Read 1. GO(Rt)No.467/2021/DMD dated 15.06.2021
2. GO(Rt)No.469/2021/DMD dated 22.06.2021
3. GO(Rt)No.487/2021/DMD dated 29.06.2021
4. GO(Rt) No.459/2021/DMD dated 07.06.2021
5. GO(Rt) No.461/2021/DMD dated 10.06.2021

**ORDER**

As part of the COVID-19 containment activities, the LSGIs in the State were categorized based on the Test Positivity Rate (TPR) and certain relaxations on lockdown were extended to the areas where the Test Positivity Rate is less and special intensified stringent restrictions were implemented in areas where TPR is high.

2) After assessing the current situation of the spread of COVID-19 pandemic in the State, the undersigned, in his capacity as Chairman of the State Executive Committee of State Disaster Management Authority, in exercise of the powers under Sec 20(3) of the Disaster Management Act-2005, hereby re-categorize the Local Self Government Institutions, on the basis of 7-day average TPR, as given below from 00:00 hours of 8th July-2021, for implementation of restrictions by the enforcing authorities.

| CATEGORY | CRITERIA |
|---|---|
| A | Average TPR below 5 percent (Areas with low spread) |
| B | Average TPR between 5 and 10 percent (Areas with moderate spread) |
| C | Average TPR between 10 and 15 percent (Areas with high spread) |
| D | Average TPR above 15 percent (Areas with critical spread) |

Following additional guidelines are also issued for implementation.

i. The exemptions and restrictions already applicable to the respective category areas will continue.

ii. All Public offices, PSUs, companies, commissions, corporations, autonomous organizations will function with 100 % strength in Category "A" and "B" and with up to 50 % strength in Category "C" areas.

iii. In 'A' and 'B' category areas, hotels and restaurants are allowed to function till 9:30 PM for take away and home delivery of food.

iv. In "A" and "B" category areas, gyms and indoor sports are allowed to function in non-AC halls/spaces with adequate ventilation, restricting to a maximum of 20 persons at a time.

v. In "A" and "B" category areas, accommodation units in Tourism Sector are allowed to function adhering to the Standard Operating Procedure (SOP) issued by the Department of Health, Government of India and the operational guidelines of the Department of Tourism, Government of India. The staff working in these places must have atleast one dose of vaccination. The guests must either have proof of atleast one dose Covid Vaccination or a RT-PCR negative certificate taken within 72 hours.

vi. Saturday, 10.7.2021 will be a holiday to banks and other financial institutions under Negotiable Instruments Act,1881.

vii. District Collectors shall take necessary steps to promote door delivery of essential items, in consultation with the trade associations, so as to reduce crowding in shops.

viii. There will be complete lockdown on 10$^{th}$ and 11$^{th}$ July, 2021 (Saturday &Sunday) with the same guidelines as issued for 12$^{th}$ and 13$^{th}$ June,2021 vide Government Orders GO(Rt) No.459/2021/DMD dated 07.06.2021 and Go (Rt) No.461/2021/DMD dated 10.06.2021.

(By order of the Governor)
Dr V P Joy
Chief Secretary

To:
Additional Chief Secretary, Home & Vigilance Department
Additional Chief Secretary, Revenue & DM Department
Principal Secretary, Health & Family Welfare Department

All Additional Chief Secretaries/ Principal Secretaries/ Secretaries
All Heads of Departments including State Police Chief
All District Collectors
All District Police Chiefs
Copy to:
Private Secretary to Chief Minister
Private Secretary to all Ministers
Special Secretary to Chief Secretary
Director, I&PRD/Web and New Media
Office Copy/ Stock file

Forwarded /By order
Signed by Preetha V
Date: 07-07-2021 08:18:16
Reason: Approved
Section Officer

നമ്പർ - WCD-E5-6001/2020

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര,തിരുവനന്തപുരം
തീയതി : 07/07/2021
gmail:wcdestablishment2017@gmail.com
Phone No. 0471 - 2346534

## സർക്കുലർ

**വിഷയം :-** വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം-കൊവിഡ്-19-പ്രതിരോധ പ്രവർത്തനം - പുതുക്കിയ മാർഗ്ഗനിർദ്ദേശം സംബന്ധിച്ച്:-

**സൂചന :-** GO(RT) No. 500/2021/DMD Dated 6/7/2021.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സൂചന പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം A, B വിഭാഗത്തിൽപ്പെടുന്ന പ്രദേശങ്ങളിലുള്ള സർക്കാർ ഓഫീസുകളിൽ 100% ജീവനക്കാരെവെച്ചും C വിഭാഗത്തിൽപ്പെടുന്ന പ്രദേശങ്ങളിലുള്ള സർക്കാർ ഓഫീസുകളിൽ 50% ജീവനക്കാരെവെച്ചും പ്രവർത്തിപ്പിക്കാവുന്നതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള എല്ലാ കാര്യാലയങ്ങളും സൂചന ഉത്തരവിൽ പരാമർശിക്കും പ്രകാരം 8/7/2021 തീയതി മുതൽ പ്രവർത്തിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

എല്ലാ കാര്യാലയ മേധാവികൾക്കും.
എല്ലാ യൂണിറ്റ് ഓഫീസർമാർക്കും.